**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** | **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യകൾ ആവർത്തിക്കാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഇല്ല. എണ്ണം വർദ്ധിക്കുന്നതായി കാണുന്നില്ല. |
| (ബി) | വന്യമൃഗ ശല്യം, വിളനാശം, ചെലവിനനുസരിച്ച് ഉല്പന്നങ്ങൾക്ക് വില ലഭിക്കാത്തത്, കടബാധ്യത എന്നിവ കർഷക ആത്മഹത്യകൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് 2009 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ഓഫ് സർവ്വേ ഓൺ ഫാർമർ സൂയിസൈഡ്സ് കേരള എന്ന റിപ്പോർട്ട് പ്രകാരം 58.32% കർഷക ആത്മഹത്യകളും കാർഷിക വായ്പ മറ്റിനങ്ങളിൽ ചെലവഴിച്ചത് മൂലമോ, വിളനാശം മൂലമോ, വിലയിടിവ് കാരണമോ ഉണ്ടായ കടക്കെണി മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നേരിട്ടുള്ള വിളനാശം കാരണം 13.89% കർഷകരും, 20.12% കർഷകർ രോഗം, കുടുംബ പ്രശ്നങ്ങൾ തുടങ്ങിയ കാരണങ്ങൾ കൊണ്ടും ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവർ ആത്മഹത്യ ചെയ്തത് ഏതു കാരണത്താലെന്ന് സ്ഥിരീകരിച്ചിട്ടില്ല.<br><br>നിലവിൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ മൂലം കർഷകർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യം പൊതുവേ ഇല്ല. |
| (സി) | ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യത സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (സി) | കർഷക ആത്മഹത്യ സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടബാധ്യതയുള്ള ബാങ്കുകളോട് ഇളവ് നൽകാൻ നിർദ്ദേശിക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കർഷക ആത്മഹത്യകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് കർഷകർക്ക് ആവശ്യമായ സഹായങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ മൂലം കേരളത്തിൽ കർഷകൻ ആത്മഹത്യ ചെയ്യേണ്ട സാഹചര്യം പൊതുവെ ഇല്ല.<br><br>കർഷകർക്ക് കൃഷിയിൽ നിന്നും മതിയായ വരുമാനം ഉറപ്പാക്കുന്നതിനായി സംസ്ഥാനം പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ സാമ്പത്തികവും, സാങ്കേതികവുമായ സഹായങ്ങൾ ഉൾപ്പെടുന്നു. സംസ്ഥാന, കേന്ദ്ര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ കർഷകരുടെ ഉന്നമനത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബഡ്ജറ്റ് വിഹിതത്തിന്റെ 1359.0735കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതിക്കായി 547.46കോടി രൂപയും, കേന്ദ്ര പദ്ധതിക്കായുള്ള സംസ്ഥാന വിഹിതമായ 103.2 കോടി രൂപയും പ്ലാൻ ഇനത്തിൽ നടപ്പിലാക്കി വരുന്നു. പ്ലാൻ ഇതര ഇനത്തിൽ 552.1135 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്ലാൻ ഇതര ഇനത്തിൽ ഉത്പാദന ബോണസ്, സൗജന്യ വൈദ്യുതിയും, കർഷക പെൻഷനും നൽകുന്നു<br><br>കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം കർഷകർക്ക് പിന്തുണ നൽകികൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ കാർഷിക ആവാസ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്.<br><br>പ്രകൃതിക്ഷോഭം മൂലവും, വന്യജീവി ആക്രമണം മൂലവും ഉണ്ടാകുന്ന വിള നാശത്തിനു നിശ്ചിത നിരക്കുകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നു. പദ്ധതി പൂർണമായും ഓൺലൈൻ ആയി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പിലാക്കുന്നത്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും |

വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും നെൽകൃഷിക്ക് കീടരോഗബാധ മൂലമുണ്ടാകുന്ന നാശത്തിനും ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കും. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, RWBCIS, PMFBY എന്നീ കേന്ദ്ര ഇൻഷുറൻസ് പദ്ധതികൾ എന്നിവയിലൂടെ കാർഷിക വിളകൾക്ക് അധിക സുരക്ഷ നൽകുന്നുണ്ട്. വനാതിർത്തിയിൽ താമസിക്കുന്ന കർഷകർക്ക് വന്യമൃഗശല്യം രൂക്ഷമാണ്. ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി പ്രകാരം സാങ്കേതികവിദ്യാ സഹായത്തോടെ വന്യമൃഗ ആക്രമണത്തെ തടയുന്നതിന് 1.88 കോടി രൂപയുടെയും ആർ കെ വി വൈ പദ്ധതി പ്രകാരം 25 കോടി രൂപയുടെയും പദ്ധതികൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

അസംരക്ഷിത വന പ്രദേശത്തും മറ്റ ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യം ലഭ്യമാകത്തക്ക വിധം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കർഷകർക്ക് സുദൃഢവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിന് വേണ്ടി കാർഷിക ഉത്പന്നങ്ങൾക്കായി മികച്ച രീതിയിൽ രൂപകൽപന ചെയ്തതും കാര്യക്ഷമവുമായ വിപണന സംവിധാനം ഉറപ്പുവരുത്തിയിട്ടുണ്ട്. നെല്ലിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സംഭരണ വില നൽകി വരുന്നു. വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കി വരുന്നു. 16 ഇനം പഴം പച്ചക്കറികൾക്ക് വിപണി വില അടിസ്ഥാന വിലയിലും താഴ്ന്ന പക്ഷം ആയതിന്റെ വ്യത്യാസം ആനുകൂല്യമായി നൽകുന്നു. കർഷകർക്കായി കേരളഗ്രോ എന്ന ബ്രാൻഡ് സ്ഥാപിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്ക വിധം ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുന്നു. കാർഷിക മേഖലയിലെ സംരംഭകത്തിലും, മൂല്യവർദ്ധനയിലും നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്ന പദ്ധതി

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കുന്നുണ്ട്. കാർഷികോല്പന്ന സംസ്കരണത്തിനും വിപണനത്തിനും കയറ്റുമതിക്കും ലക്ഷ്യം വച്ച് കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയും ചെയ്യുന്നുണ്ട്. കർഷകരിൽനിന്നും കിലോഗ്രാമിന് 34/- രൂപാ നിരക്കിൽ പച്ചത്തേങ്ങാ സംഭരണം നടത്തി വരുന്നു. നെല്ലിന് രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയായ 28.20 രൂപ കിലോഗ്രാമിന് നൽകി വരുന്നു.<br><br>കർഷകർ സഹകരണ സംഘങ്ങളിൽ/ സൊസൈറ്റികളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് വയനാട്/ ഇടുക്കി ജില്ലകളിൽ 31.08.2020 വരെയും മറ്റ് ജില്ലകളിൽ 31.03.2016 വരെയും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി 2 ലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്.<br><br>ലോക ബാങ്ക് സഹായത്തോടെ കാലാവസ്ഥ വ്യതിയാനം അതിജീവിച്ച കർഷകർക്ക് കൃഷിയിൽ നിന്നും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ലക്ഷ്യം വച്ച് കേര എന്ന പേരിൽ ഒരു സമഗ്ര പദ്ധതി 2024-25 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ